(ഡി) പ്രസ്തുത ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾക്ക് ധനസഹായം നല്കുന്നതിനായി ഇടുക്കി ജില്ലയ്ക്ക് 2001-2002, 2002-2003 വർഷങ്ങളിലും 2003-2004 വർഷത്തിൽ ഇതുവരെയും അനുവദിച്ച തുക താഴെകാണും പ്രകാരമാണ്:

		തുക ലക്ഷത്തിൽ
2001-02	..	393
2002-03	..	178
2003-04 (ഇതുവരെ)	..	597
ആകെ	..	1168

(സി, ഡി & ഇ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലകൾക്ക് തുക അനുവദിക്കുന്നത് ഓരോ വർക്കിനും പ്രത്യേകമല്ല. ജില്ലകൾക്കനുവദിക്കുന്ന മൊത്തം തുകയിൽ നിന്നും വർക്കുകൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ തുക അനുവദിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഓരോ വർക്കിനും തുക അനുവദിക്കുന്ന ഉത്തരവുകൾ ലഭ്യമല്ല.

ദേവയാനി എസ്റ്റേറ്റിലെ താമസക്കാരുടെ കാർഷിക വിളകളും വീടും കാട്ടാനക്കൂട്ടങ്ങൾ നശിപ്പിച്ച സംഭവം

13 [1301] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ ദേവയാനി എസ്റ്റേറ്റിലെ താമസക്കാരുടെ കാർഷിക വിളകളും, വീടും കാട്ടാനക്കൂട്ടങ്ങൾ നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർ താമസിക്കുന്ന സ്ഥലത്തിന് പകരം ഭൂമി നൽകണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പകരം ഭൂമി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അപേക്ഷകരായ 3 പേർക്ക് 7 ഏക്കർ വീതം സ്ഥലത്തിന് പട്ടയം നൽകിയെങ്കിലും പിന്നീട് പട്ടയം സർക്കാർ റദ്ദാക്കുകയുണ്ടായി. കൃഷിനാശം സംഭവിച്ച സ്ഥലങ്ങൾ തങ്ങളുടേതാണെന്നു തെളിയിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കാൻ പരാതിക്കാർക്കു കഴിയാത്തതിനാൽ പകരം ഭൂമി നൽകുന്ന കാര്യം പരിഗണിച്ചിട്ടില്ല.

(ഡി) കൃഷിനാശം സംഭവിച്ച സ്ഥലങ്ങൾ ഹർജിക്കാരുടേതാണെന്ന് തെളിയിക്കാൻ യാതൊരു രേഖകളും ഇല്ലാത്തതിനാൽ നഷ്ടപരിഹാരം നൽകിയിട്ടില്ല.

എൽ. ഐ. സി. ഓഫീസുകളുടെ പ്രവർത്തനം

14 [1302] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് എൽ. ഐ. സി. ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) ഈ ഓഫീസുകൾ ആരംഭിക്കുമ്പോൾ എന്തൊക്കെ ഉദ്ദേശ്യ ലക്ഷ്യങ്ങളായിരുന്നു സർക്കാരിനുണ്ടായിരുന്നത്;

(സി) ഇപ്പോൾ ഇവയുടെ സഹായം ജില്ലാ കളക്ടറേറ്റുകൾക്ക് ആവശ്യമുണ്ടോ;

(ഡി) ആവശ്യമില്ലെങ്കിൽ ഈ ഓഫീസുകൾ നിർത്തലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് എൽ. ഐ. സി. ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

(ബി — ഡി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly